വാർഷിക വരിസംഖ്യ 100 രൂപ

# നിയോഗം

Private Circulation Only

ബ്രദറൺ വാർത്താ പത്രിക

ഉൾപ്പേജുകളിൽ...

ഫീബാകോൺഫ്രൻസിന്റെ വിവിധ ദൃശ്യങ്ങൾ 3
ലോത്തിന്റെ ഭാര്യ ഉപ്പുതൂണായി ഭവിച്ചു 3
ആ മഹൽ പ്രഖ്യാപനം (പഴയപുറം) 4
സഭാദൗത്യവും സൗരോർജ്ജവും 5
മറ്റു വാർത്തകൾ 6

പുസ്തകം 10, ലക്കം 8 2012 ആഗസ്റ്റ് 5

# ഫിബാ 2012 സമാപിച്ചു.




ഉദ്ഘാടന സമ്മേളനം ബ്രദർ ജോൺ പി. തോമസ് വചനം ശുശ്രൂഷിക്കുന്നു.

**അറ്റ്ലാന്റാ:** നോർത്ത് അമേരിക്കയിലെ ബ്രദറൺ കുടുംബസംഗമമായ ഫിബാ കോൺഫ്രൻസ് അനുഗ്രഹമായി സമാപിച്ചു. ഓഗസ്റ്റ് 2 ന് ആരംഭിച്ച ഫിബാ കോൺഫ്രൻസിന്റെ ഉദ്ഘാടന സമ്മേളനത്തിൽ ഇവാ. ജോൺ വി. തോമസ് മുഖ്യപ്രഭാഷണം നടത്തി. നാം പിടിച്ചിരിക്കുന്ന വിലയേറിയ വിശ്വാസം വരുന്ന തലമുറയ്ക്ക് കൈമാറുവാൻ നാം ബാദ്ധ്യസ്ഥരാണ്. വളർന്നുവരുന്ന തലമുറയെ നാം പിടിച്ചിരിക്കുന്ന വിശ്വാസത്തിൽ നിലനിർത്തുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. ദൈവീക സത്യങ്ങൾ കൈമാറി ലഭിക്കുന്നത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. പൗലോസ് അപ്പോസ്തോലന് ദൈവനിശ്വസ്തതയാൽ ലഭിച്ച സത്യങ്ങൾ വിശ്വസ്ത മനുഷ്യരെ ഭരമേല്പ്പിക്കുവാനായി വിശ്വാസത്തിൽ നിജപുത്രനായ തിമോഥെയോസിനെ ഏൽപ്പിക്കുന്നു. വിശ്വാസികൾ ദൈവീകശുശ്രൂഷയുടെ ഗൃഹവിചാരകന്മാരാണ് (Stewards) അവർ വിശ്വസ്തരായിരിക്കണമെന്ന് ദൈവവചനം പറയുന്നു. സ്ഥലം സഭകളിലെ മൂപ്പന്മാർക്ക് ഈ കാര്യത്തിൽ വലിയ ഉത്തരവാദിത്വം ഉണ്ട്. ജീവനുള്ള ദൈവത്തിന്റെ സഭയെ നടത്തുന്നവരാണ് ഗൃഹവിചാരകന്മാരായ മൂപ്പന്മാർ.

അന്ത്യകാലത്ത് ജീവിക്കുന്ന നമുക്ക് ലോകത്തോട് കാണിക്കാവുന്ന ഏറ്റവും വലിയ കാര്യം ക്രിസ്തീയ ഐക്യത എന്നുള്ളതാണ്. വളർന്നുവരുന്ന തലമുറ അത് ദർശിച്ചെങ്കിൽ മാത്രമെ ഈ അതിവിശുദ്ധ വിശ്വാസത്തെ അവർക്ക് പിൻതുടരുവാൻ സാധിക്കുകയുള്ളു. അല്ലെങ്കിൽ അവർ വികലമായ ഉപദേശത്തിന്റെ പുറകെ പോകും. സ്ഥലം സഭകൾ സുവിശേഷത്തിന്റെ പുരോഗതിക്കുവേണ്ടി നിലകൊള്ളണമെന്ന് അദ്ദേഹം ഓർപ്പിക്കുകയുണ്ടായി. ജഡത്തിന്റെ ആയുധങ്ങൾ അല്ല നമുക്ക് ആവശ്യം. ശത്രുവിനെ എതിർത്ത് തോല്പ്പിക്കുവാൻ ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിക്കണം.



അറ്റ്ലാന്റായിലെ റിണൈസൻസ് കോൺകോഴ്സ് ഏയർപോർട്ട് ഹോട്ടലിൽ വെച്ച് നടന്ന കോൺഫ്രൻസിൽ ബ്രദ. ജോർജ്ജ് വർവർ, സിസ്റ്റർ പി. എൻ. ട്രഷർ തുടങ്ങിയവർ മുഖ്യ അഥിതികൾ ആയിരുന്നു. കൂടാതെ സുവിശേഷകന്മാരായ വാറൻ ഹെന്റേഴ്സൺ (കാൻസാസിറ്റി യു.എസ്.എ), സാജൻ മാത്യു (ചിക്കാഗോ), ജെസ്സി ജെന്റിലി (ഫ്ളോറിഡ) തുടങ്ങിയവർ ദൈവവചനം ശുശ്രൂഷിച്ചു. അനിൽ സാമുവേൽ (നോർത്ത് കരോലിന), ഏബ്രഹാംതോമസ് (കൊച്ചി-ഇന്ത്യ) തുടങ്ങിയവർ കുട്ടികൾക്കും യുവജനങ്ങൾക്കുംവേണ്ടി വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു

## വൈ.എം.ഇ.എഫ് ജനറൽ ക്യാമ്പ് മൂവാറ്റുപുഴയിൽ

**കീഴില്ലം :** കീഴില്ലം ബൈബിൾ സെമിനാരിയിൽ 2012 ആഗസ്റ്റ് 27 മുതൽ 31 വരെ വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് നടക്കുന്നു. സഹോദരന്മാരായ ശമുവേൽ ബി. തോമസ്, തോംസൺ ബി. തോമസ്, ജോസ് മാംകുടി എന്നിവർ മുഖ്യ പ്രഭാഷകരായിരിക്കും. ഇ.ജെ. പൈലി അങ്കമാലി, പ്രാരംഭ സന്ദേശം നൽകും. വി.കെ.സൈൺ, ഈപ്പൻ ജോർജ്ജ് രാജസ്ഥാൻ എന്നിവർ മിഷനറി സമ്മേളനത്തിന് നേതൃത്വം നൽകും. ബൈബിൾ ക്വിസ്, ടാലന്റ് ടൈം, ഗാനപരിചയം, ജനറൽ ക്വിസ് എന്നീ പരിപാടികളും ക്യാമ്പിനോടനുബന്ധിച്ച് നടത്തുന്നതാണ്. ബ്രദർ ഏ.ഡി. ജെയിംസിന്റെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ ചേർന്ന് നടത്തുന്ന ഈ ക്യാമ്പിന്റെവിജയത്തിനായി പ്രാർത്ഥനയും സാന്നിദ്ധ്യ സഹകരണങ്ങളും അഭ്യർത്ഥിക്കുന്നു.


## കോളജ് സ്റ്റുഡന്റ്സ് ക്യാമ്പ്

**തിരുവല്ല :** ബ്രദറൺ സഭകളുടെ സഹകരണത്തിൽ നടന്നുവരുന്ന കോളജ് സ്റ്റുഡന്റ്സ് ക്യാമ്പ് 2012 ഓഗസ്റ്റ് 28 ചൊവ്വാ മുതൽ സെപ്റ്റംബർ 1 ശനിയാഴ്ചവരെ തിരുവല്ല മെഡിക്കൽ മിഷൻ കോളജ് ഓഫ് നേഴ്സിംഗ് കാമ്പസിൽ നടത്തപ്പെടുന്നു. സഹോദരന്മാരായ ജോൺകുര്യൻ, ജെയിംസ് വർഗ്ഗീസ്, വർഗ്ഗീസ് ജോൺ, ബാബു ജോൺ, ജോർജ്ജ്കോശി, ജെറി തോമസ്, എ. ആർ. പീറ്റർ, ബെൻസിക്ക് മെറാന്റോ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. **അതുല്യനായ ക്രിസ്തു നൽകുന്ന അർത്ഥപൂർണ്ണമായ ജീവിതം** എന്നതാണ് ക്യാമ്പ് തീം. ക്രിസ്തു മാതൃകയാക്കിതന്ന ജീവിതത്തിലൂടെ ജയകരമായ ക്രിസ്തീയ ജീവിതം നയിക്കുവാനുള്ള മാർഗ്ഗ നിർദ്ദേശം നൽകുക എന്നതണ് ക്യാമ്പ് തീമിലൂടെ ലക്ഷ്യമിടുന്നത്. പ്ലസ് വൺ, പ്ലസ് ടൂ, ഡിഗ്രി, പ്രൊഫഷണൽ കോഴ്സ്, പാരാമെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങി ഉപരിപഠന വിദ്യാർത്ഥികൾക്കും ഈ ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്.

ജന. കോ-ഓർഡിനേറ്റർ
ടെൻസൺ ജോസഫ് (94474 14222)

സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്...

## എഡിറ്റോറിയൽ



# വാക്പ്പോര്

**കേ**രളത്തിലെ ഇടതുപക്ഷത്തുള്ള പ്രബലമായ രണ്ടു കക്ഷികൾ തമ്മിൽ നടന്നു വരുന്ന വാക്ക് യുദ്ധം എല്ലാ പരിധികളും ലംഘിക്കുന്നതായി ഘടകകക്ഷികളും, ഒപ്പം ഇടതു കക്ഷികളുടെയും കേന്ദ്രനേതൃത്വവും അഭിപ്രായപ്പെടുന്നു. ടി. പി. ചന്ദ്രശേഖരന്റെ വധത്തെത്തുടർന്ന് സി.പി.എമ്മിനു നേരിട്ട വെല്ലുവിളികൾ ഏറെയാണ്. ഷുക്കൂർ വധത്തോടു ബന്ധപ്പെട്ടും നേതാക്കൾ അറസ്റ്റിലായതോടെ അങ്കലാപ്പിലായപ്പോൾ നടന്ന ഹർത്താലിനെ ചുറ്റിപ്പറ്റിയാണ് ഇപ്പോഴത്തെ വാഗ്വാദം. രണ്ടും കമ്യൂണിസ്റ്റ് പാർട്ടിയുടെ രണ്ടു ഘടകമാണ് എന്നതു വിചിത്രം.

കാലികമായ ധാരാളം പ്രശ്നങ്ങൾ ഒന്നിച്ചു നേരിടേണ്ട പ്രതിപക്ഷം തമ്മിലടിച്ചും പുലഭ്യം പറഞ്ഞു നീങ്ങുമ്പോൾ നഷ്ടമാകുന്നത് സാധാരണക്കാരനു വേണ്ടി നിൽക്കുന്നു എന്ന അവകാശവാദമാണ്. തങ്ങൾക്കെതിരായി വരുന്ന ആരോപണങ്ങളെയും കേസുകളെയുമൊക്കെ നിയമപരമായ നേരിടുന്നതാണ് ഏതു പാർട്ടിക്കും ഉചിതം. അതിനു പകരം ജനത്തെ ദ്രോഹിക്കുന്നതു പൊതുമുതൽ നശിപ്പിക്കുന്നതുമായ പ്രവണതയ്ക്കു എല്ലാവരും കൂട്ടു കൂടണമെന്നു ശഠിക്കുന്നത് ഹന്തവ്യമല്ല. മുൻപ് നടന്ന കൊലപാതകങ്ങളെക്കുറിച്ചു അന്യോന്യം കുറ്റപ്പെടുത്തുമ്പോൾ തങ്ങൾ രണ്ടു കൂട്ടരും ജനമനസ്സിൽ കൊലപാതക രാഷ്ട്രീയക്കാരായി മാറുകയാണെന്നും ഇരു കൂട്ടരും വിസ്മരിക്കുന്നു. ഒപ്പം തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അനേകം വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിപ്പാൻ സാധിക്കാതെയും വരുന്നു. തങ്ങൾ എന്താണ് ചെയ്യുന്നതെന്നോ പ്രവൃത്തിക്കുന്നതെന്നോ തിരിച്ചറിയാത്ത വിധത്തിലേക്കു അധഃപതിക്കുമ്പോൾ അണികളുടെ മുമ്പിലും അപഹാസിക്കപ്പെടുകയാണെന്നു മനസ്സിലാക്കണം.

ഇന്നത്തെ ആത്മീയ രംഗവും ഇതിൽ നിന്നും മുക്തമല്ല. ദൈവസ്നേഹത്തിൽ അടിസ്ഥാനപ്പെട്ടു അന്യോന്യം ഭാരങ്ങളെ വഹിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും അതിലൂടെ ക്രിസ്തുസ്നേഹവും ക്രൈസ്തവവീക്ഷണവും ജനമനസ്സുകളിലേക്ക് എത്തിക്കുന്നതിനു പകരം അതിന്റെ അന്തസത്ത കൈവെടിയുന്ന പ്രവണത ഉപേക്ഷിക്കണം.

വിശ്വാസികൾ ഒന്നു ചേർന്നു മുമ്പോട്ടു പോകേണ്ടവരാണ്. പിതാവും കർത്താവും ഒന്നായിരിക്കുന്നതുപോലെ ഒന്നായിരിക്കണം എന്നതാണവിടുത്തെ ആഗ്രഹം (യോഹ. 17:23). അതു സ്നേഹത്തിലധിഷ്ഠിതമായിരിക്കണം. ഐകതയിൽ തികഞ്ഞവരാകേണം. അതിനു ക്ഷമയും മനസലിവും ഉണ്ടായേ തീരു. എപ്പോഴും ശരി മാത്രം ചെയ്വാൻ ആർക്കും കഴിഞ്ഞെന്നു വരില്ല. എന്നാൽ അതംഗീകരിക്കുവാനുള്ള മനസുണ്ടാകണം. ഒപ്പം അതു മനസ്സിലാക്കി അവരെ ഉൾക്കൊള്ളുവാൻ മറ്റുള്ളവർക്കും കഴിയണം. ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്ക എന്നാണ് പൗലോസ് പറയുന്നത്. അതു ഏറെ ശ്രമകരമാണ്.

"അന്യോന്യം കടിക്കയും തിന്നു കളകയും ചെയ്താലോ ഒരുവനാൽ ഒരുവൻ ഒടുങ്ങിപ്പോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ" എന്നാണ് വചനം (ഗലാ. 15:15) ഓർപ്പിക്കുന്നത്. നമുക്കു ഒന്നിച്ചു നിന്നു ചെയ്തു തീർക്കുവാൻ ധാരാളം ഉത്തരവാദിത്തങ്ങളുണ്ട് എന്നതു മറക്കരുത്. എവിടെയെല്ലാം ഭിന്നതയുണ്ടായോ അവിടെയെല്ലാം ശത്രു വിജയം വരിച്ചിട്ടുണ്ട്. രണ്ടുപേർ ഒത്തിട്ടല്ലാതെ ഒന്നിച്ച് നടപ്പാക്കാൻ കഴിയില്ല.

അഭിപ്രായ വ്യത്യാസങ്ങളും ആശയവ്യക്തിത്വവുമൊക്കെ നമുക്കുണ്ടാകാം. എന്നാൽ അതെല്ലാം അന്യോന്യം ആലോചിച്ചും തമ്മിൽ സംസാരിച്ചും പരിഹരിക്കണം. സഭകൾ തമ്മിൽ പതിറ്റാണ്ടുകളായി തുടരുന്ന ഭിന്നതകളുണ്ട്; കുടുംബങ്ങൾ തമ്മിലും വ്യക്തികൾ തമ്മിലും ഇതുണ്ട്. എന്നാൽ നാം ആത്മാവിനെ അനുസരിച്ചു ജീവിക്കുന്നവരാണെങ്കിൽ ഇതു പരിഹരിക്കുവാൻ കഴിയും. നാം അന്യോന്യം പോരിനു വിളിച്ചും അസൂയപ്പെട്ടും കൊണ്ട് വൃഥാഭിമാനികളാകുമ്പോൾ ഇവിടെ പരാജയപ്പെടുന്നതു കർത്താവും തന്റെ സുവിശേഷവുമാണ് എന്നതു വിസ്മരിക്കപ്പെടരുത്.

നാം ലോകത്തിനു മുമ്പിൽ മാതൃക കാട്ടേണ്ടവരും ജീവൻരക്ഷാമാർഗ്ഗം അറിയിക്കേണ്ടവരുമാണ്. നാം ഒരു യുദ്ധക്കളത്തിലാണ്. എന്നാൽ സൈന്യം തന്നിൽത്തന്നെ ഛിദ്രിച്ചാൽ ഉണ്ടാകുന്നത് എന്തെന്നത് ചിന്തനീയം തന്നെ.

എം.വി. ബാബു
ചീഫ് എഡിറ്റർ


## എം.വി. തോമസിന്റെ നാല് പുതിയ പ്രസിദ്ധീകരണങ്ങൾ

1. ശിംശോൻ (MVT Bible Treasury Series-52) Rs. 50
2. യോശുവ – ഒരു പഠനം (MVT Bible Treasury Series-53) Rs. 200
3. സഭാപ്രസംഗി വ്യാഖ്യാനം (MVT Bible Treasury Series-54) Rs. 130
4. വേദപുസ്തക വനിതകൾ (നാലാം പതിപ്പ്) (MVT Bible Treasury Series-55) Rs. 200

2012 ജൂലൈ 31-നു മുമ്പ് ബുക്ക് ചെയ്യുന്നവർക്ക്
നാല് പുസ്തകങ്ങളും കൂടി പോസ്റ്റേജ് ഉൾപ്പെടെ
480 രൂപയ്ക്ക് ലഭിക്കുന്നു.
വിതരണം 2012 ആഗസ്റ്റ് 15 വില M.O. ആയി മാത്രം
ഗ്രന്ഥകാരന്റെ തയ്യാറാകുന്ന മറ്റൊരു പുതിയ ഗ്രന്ഥം – ഉത്തമഗീത വ്യാഖ്യാനം
(വിശദവിവരങ്ങൾ പിന്നാലെ)


# നല്ലയിടയൻ മിനിസ്ട്രി

**പുളിയംകുടി:** നല്ലയിടയൻ മിനിസ്ട്രിയുടെ സഹകരണത്തിൽ പുളിയംകുടിയിലും ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ സുവിശേഷീകരണം അനുഗ്രഹമായി നടക്കുന്നു. സഹോദരന്മാരായ ഫിലിപ്പുകുട്ടി, ചിന്നരാജ്, ജോൺ കെന്നഡി, വടിവേൽ, ഗോവിന്ദ, ദാവീദ്, ഇമ്മാനുവേൽ തുടങ്ങിയ സഹോദരന്മാർ വിവിധ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്നു. സ്ഥലംസഭാ രൂപീകരണ ലക്ഷ്യത്തോടെ നടക്കുന്ന ഈ പ്രവർത്തനം മുഖാന്തരം സ്ഥലം സഭകൾ രൂപീകരിക്കപ്പെടുന്നു. പുളിയംകുടിയിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനവും അനുഗ്രഹമായി നടക്കുന്നു.

നല്ലയിടയൻ മിനിസ്ട്രി നേതൃത്വം കൊടുക്കുന്ന ഈ പ്രവർത്തനങ്ങൾ സുവിശേഷീകരണത്തിന് ഏറെ പ്രയോജനം ചെയ്യുന്നു. ജീവിക്കുവാനോ പഠിക്കുവാനോ നിവൃത്തിയില്ലാതെ തെരുവിൽ അലയുന്ന കുഞ്ഞുങ്ങളിൽ ചുരുക്കം ചിലർക്ക് ജീവിതം നൽകുന്ന ഈ പ്രവർത്തനത്തിന് ഏറെ സഹകരണവും പ്രാർത്ഥനയും ആവശ്യമാണ്.

ന്യൂയോർക്ക് വെച്ചസ്റ്റർ സഭയിൽ നിന്നും ജയ്മോൻ ചെമ്പോലയും കുടുംബവും പുളിയംകുടിയിൽ ചിൽഡ്രൻസ് ഹോം സന്ദർശിക്കുകയും പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്തു. പുളിയംകുടിയിൽ പ്രത്യേകമായി ക്രമീകരിച്ച യോഗത്തിൽ സഹോദരൻ ദൈവവചനം ശുശ്രൂഷിച്ചു. അവിടെ നടന്ന യൂത്ത് മീറ്റിംഗിൽ തന്റെ കുട്ടികൾ സംഗീതശുശ്രൂഷ നടത്തുകയുണ്ടായി.

## റ്റി. എൻ. പുതുക്കുടി ഗ്രാമസുവിശേഷീകരണം

**റ്റി.എൻ. പുതുക്കുടി :** റ്റി.എം. പുതുക്കുടിയിലും ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ പ്രഷ്യസ് ലൈഫ് മിനിസ്ട്രീസിന്റെ ചുമതലയിൽ ബഥേൽ ബ്രദറൺ സഭയുടെ സഹകരണത്തിൽ സുവിശേഷപ്രവർത്തനങ്ങൾ നടക്കുന്നു. ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ ഫിലിം മിനിസ്ട്രി പരസ്യപ്രവർത്തനങ്ങൾ, ഭവനസന്ദർശനം തുടങ്ങിയ ശുശ്രൂഷകൾ സഹോ. ഫിലിപ്പ്കുട്ടി ചിന്നരാജിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നു.

## ഫാമിലി കോൺഫ്രൻസ് – തേനി

**പെരിയകുളം :** തമിഴ്നാട്ടിലെ തേനി ജില്ലയിലുള്ള വിശ്വാസികൾക്കായി പെരിയകുളം ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ നടന്ന ഫാമിലി കോൺഫ്രൻസ് ആഗസ്റ്റ് 14, 15 തീയതികളിൽ നടന്നു. കർത്തൃദാസന്മാരായ എം.വി. ബാബു, ജോർജ്ജ് മാത്യു ആലപ്പുഴ എന്നിവർ വചനം ശുശ്രൂഷിച്ചു. 14-ാം തീയതി പെരിയകുളത്തും ചുറ്റുപാടുമായി നടന്ന പരസ്യശുശ്രൂഷകളിൽ ധാരാളം സുവിശേഷകന്മാർ പങ്കെടുത്തു. സഹോദരന്മാരായ പീറ്റർ സുന്ദർരാജ്, യിസ്രായേൽ കമ്പം, ഫിലിപ്പ് പുളിയംകുടി, എം. ഏബ്രഹാം തുടങ്ങിയവർ വിവിധ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

## റാന്നി കൺവൻഷൻ നവംബറിൽ

**റാന്നി :** റാന്നിയിലും പരിസരത്തുമുള്ള ബ്രദറൺ സഭകളുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന കൺവൻഷൻ 2012 നവംബർ 6 മുതൽ 11 വരെ റാന്നി ബ്രദറൺ ഓറ്റോറിയത്തിൽവെച്ച് നടക്കും. സുവിശേഷകന്മാരായ ജോൺ പി. തോമസ് എറണാകുളം, ബില്ലി പി. ജേക്കബ് സിലിഗുരി, ചാണ്ടപിള്ള ഫിലിപ്പ് കോട്ടയം എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. യോഗങ്ങളുടെ അനുഗ്രഹത്തിനായി ദൈവജനങ്ങളുടെ പ്രാർത്ഥനയും സഹരണവും അഭ്യർത്ഥിക്കുന്നു.

## വൈ. എം. ഇ. എഫ് കല്ലിശ്ശേരി സെന്ററിന്റെ സ്വാതന്ത്ര്യദിനാചരണം

**മേൽപ്പാടം :** സ്വാതന്ത്ര്യദിനത്തിൽ വൈ.എം.ഇ.എഫ്. കല്ലിശ്ശേരി സെന്ററിന്റെ ആഭിമുഖ്യത്തിൽ മേൽപ്പാടം സഭയുടെ സഹകരണത്തിൽ മേൽപ്പാടത്തും ചുറ്റുപാടുകളിലുമായി ഭവനസന്ദർശനവും വചനധ്യാനം, ഗ്രൂപ്പ് പ്രാർത്ഥന പരസ്യയോഗം തുടങ്ങിയ ആത്മീയ ശുശ്രൂഷകൾ നടത്തപ്പെട്ടു. ഈ പ്രവർത്തനത്തിന്റെ അനുധാവന പ്രവർത്തനങ്ങൾക്കും പ്രാർത്ഥനയ്ക്കുമായി ദൈവജനം സഹകരിക്കുക.

## സോദരീ സമാജം – കല്ലിശ്ശേരി

കല്ലിശ്ശേരി സെന്റർ സോദരീസമാജത്തിന്റെ അടുത്ത സമ്മേളനം പുത്തൻകാവ് ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ 2012 ആഗസ്റ്റ് 31 വെള്ളിയാഴ്ച 10 മണിക്ക് പുത്തൻകാവ് സഭാഹാളിൽ വച്ചു നടത്തുന്നതാണ്. സഹോദരിമാർ പ്രാർത്ഥനാപൂർവ്വം യഥാസമയത്തെത്തിച്ചേരണമെന്ന് താല്പര്യപ്പെടുന്നു. ബൈബിൾ ക്വിസ്

– മോളി ബാബു, സെക്രട്ടറി 9495924260


**നിയോഗം**

| | |
|---|---|
| Chief Editor | - M.V. Babu |
| Editor | - Molly Babu |
| Managing Editor | - P.O. Samuel |
| Associate Editor's | - Shajahan V. Hassan |
| | - Titus Samuel |
| | - S. Sanjivi, 9447668224 |
| U.S. Co-ordianator | - Rajan Thomas NY 914 347 2696 |
| Editorial Board | |
| Mathew Cherian | - TX 281 487 1683 |
| Roy Varghese | - GA 770 755 5345 |
| George Samuel | - Houston |
| Advisory Board | |
| P.A. Philip | - Doha |
| P.T. Philip | - Houston |
| M.V. Sunny | - Dubai |
| Geevarghese Thankachan | - NJ |

Editing, Layout & Design
Puthethu Offset, Kallissery. 0479 2426561
desing: rajeshprasadam@gmail.com

"സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്"

നിയോഗം വിശ്വാസത്തിന്റെ കാൽവയ്പാണ്.
ഈ ശുശ്രൂഷയെ പ്രാർത്ഥനയിൽ ഓർക്കുകയും നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്യുക.
വാർഷിക വരിസംഖ്യ 100 രൂപ (ഇന്ത്യ),
25 ഡോളർ (യു. എസ്. എ), 500 രൂപ (ഗൾഫ്)
**Per copy: Rs.10/-**
വിദേശരാജ്യങ്ങളിലേക്കുള്ള തപാൽ ചാർജ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ വരിക്കാർ വരിസംഖ്യയും സംഭാവനകളും അയച്ചുതന്ന് സഹകരിക്കുമല്ലോ

വാർത്തകൾ, രചനകൾ, കത്തുകൾ, വരിസംഖ്യ, വിലാസമാറ്റം,
എന്നിവ അയയ്ക്കേണ്ട വിലാസം
M.V. BABU, NIYOGAM, KALLISSERY
P.O, KERALA - 689 124
PH:0479-2426084, 9447124260
E-mail: niyogampatram@gmail.com

മാസിക ആവശ്യമുള്ളവർ
E-mail ചെയ്യുക

## ഫീബാകോൺഫ്രൻസിന്റെ വിവിധ ദൃശ്യങ്ങളിലൂടെ...



രാജൻ കൊച്ചുപുത്തൻ പ്രസിഡൻഷ്യൽ അഡ്രസ്സ്



ഹ്യൂസ്റ്റണിലേക്ക് സ്വാഗതം...
സാമുവേൽ തോമസ് & ജോസഫ് വർഗ്ഗീസ്



സേവനത്തിന് അംഗീകാരം...
മി. ട്രഷർ & ജോർജ്ജ് മാത്യു കാനഡ



കുരുന്നുകൾ അഭിമാനത്തോടെ...


ആത്മനിർവൃതിയിൽ


ഗിറ്റാറിൽ ഒരു അപൂർവ്വ രാഗം....
ഷെയിനാരാജൻ ന്യൂയോർക്ക്



സാരഥികൾ ശുശ്രൂഷകർക്കൊപ്പം...

# ലോത്തിന്റെ ഭാര്യ ഉപ്പുതൂണായി ഭവിച്ചു : ചില ചിന്തകൾ

**ഡോ. പി. കെ. സാം മല്ലശ്ശേരി**

**ദൈവം** അബ്രാമിനെ 75–ാം വയസ്സിൽ വിളിച്ചു വേർതിരിച്ചു. അതനുസരിച്ച് അബ്രാം കല്ദയപട്ടണമായ ഊരിൽ നിന്ന് യഹോവയായ ദൈവം കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പുറപ്പെട്ടു. സഹോദരപുത്രനായ ലോത്തും അവനോടു കൂടെ പോയി. ആടുമാടുകളും വേലക്കാരും കുടുംബവും കൂടെയുണ്ടായിരുന്നു. രണ്ടുപേരും നല്ല സ്വത്തിന്റെ ഉടമകളായിരുന്നു. അബ്രാമും ലോത്തും തമ്മിൽ പ്രശ്നങ്ങളൊന്നുമില്ലായിരുന്നെങ്കിലും ഇടയന്മാർ തമ്മിൽ പിണക്കത്തിൽ കഴിഞ്ഞിരുന്നു. എല്ലാവരുമൊന്നിച്ച് ഒരു സ്ഥലത്തു താമസിച്ചാൽ സഹോദരസ്നേഹത്തിനു വിടവുണ്ടായേക്കുമെന്ന് സംശയിച്ച് ഒരാൾ വലത്തോട്ടും മറ്റെയാൾ ഇടത്തോട്ടും നീങ്ങാൻ നിശ്ചയിച്ചു. ഏതായാലും നമുക്കനുകരിക്കാവുന്ന ഒരു മാതൃക ഇവിടെ കാണാം. അന്യോന്യം നീരസം പുലർത്താതെ ഭാവിയിലെ പ്രശ്നം ഒഴിവാക്കാൻ വേണ്ടി ഒരു വിഷയത്തിന്മേലുള്ള ഒത്തുതീർപ്പ് മുൻകൂർ നിശ്ചയിക്കാവുന്നതാണ്. അബ്രാമും ലോത്തും വെവ്വേറെ താമസിച്ചുവെങ്കിലും അവർ അന്യോന്യം സ്നേഹക്കുറവ് വെച്ചുപുലർത്തിയില്ലെന്നു കാണാം. പ്രസ്തുത അന്തസത്ത നമുക്കുമെടുക്കാം. ലോത്ത് സൂക്ഷ്മനിരീക്ഷണം നടത്തിയപ്പോൾ യോർദ്ദാനരികെയുള്ള പ്രദേശമൊക്കെയും നീരോട്ടമുള്ളതെന്നു കണ്ടു. അങ്ങനെ ലോത്തും കുടുംബവും കിഴക്കോട്ടു യാത്ര ചെയ്തു പിരിഞ്ഞു. അബ്രാമാകട്ടെ കനാൻ ദേശത്തു പാർത്തു. ലോത്ത് ആ പ്രദേശത്തിലെ പട്ടണങ്ങളിൽ പാർക്കുകയാണുണ്ടായത്. അതിലൊന്നായിരുന്നു സൊദോം. പരിസരവാസികൾ എങ്ങനെയുള്ളവരാണെന്നോ അവരുടെ ആത്മീയ നിലവാരം ഏതു തരത്തിലാണെന്നോ ഒന്നും ലോത്ത് അന്വേഷിച്ചില്ല. അല്ലയോ ലോത്തേ ദൈവത്തോടു ഒരാലോചന നടത്താതെയല്ലേ തീരുമാനമെടുത്തത്? കണ്മോഹത്തിന്റെയും പച്ചപുൽവിരിപ്പിന്റെയും നീരോട്ടത്തിന്റെയും അടിസ്ഥാനത്തിലാണ് സൊദോമിനെയും ഗൊമ്മോരയേയും തിരഞ്ഞെടുത്തത്. ലോത്ത് ഒരു സമർപ്പണ പ്രാർത്ഥന പോലും ചെയ്തില്ലെന്നു തോന്നുന്നു. വചനം ഇങ്ങനെ പറയുന്നു, “സൊദോം നിവാസികൾ ദുഷ്ടന്മാരും യഹോവയുടെ മുമ്പാകെ മഹാപാപികളും ആയിരുന്നു” (ഉല്പത്തി. 13:13). ഇന്നത്തെ ചില സത്യക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്നവർക്കു ഈ ലോകത്തിന്റെ മോഹവും അതിന്റെ പ്രതാപവുമാണ് വേണ്ടത്. വിശുദ്ധിയും അവിശുദ്ധിയും തമ്മിൽ തിരിച്ചറിയുവാനുള്ള ആത്മീയ അകക്കണ്ണുകൾ അവർക്കു മങ്ങിപ്പോയിരിക്കുന്നു. ഒന്നുപവസിക്കുവാനോ പ്രാർത്ഥിക്കുവാനോ പോലും പലർക്കും നേരമില്ല.

ലോത്തും, ഭാര്യയും രണ്ടു പെൺമക്കളുമൊക്ക പട്ടണമദ്ധ്യത്തിൽ താമസിക്കുകയായിരുന്നു. അവർ യഹോവയെ സേവിച്ചുകൊണ്ട് മാതൃകയുള്ള കുടുംബമായി ജീവിക്കുകയും ചെയ്തു. പക്ഷെ, സോദോമിന്റെയും ഗൊമോരെയുടെയും പാപം അതികഠിനമായിരുന്നുവെന്ന് യഹോവ തന്നെ പറയുന്നുണ്ട്. തന്നിമിത്തം ആ ദേശത്തിന്മേൽ തീയും ഗന്ധകവും കൊണ്ടു ഉന്മൂലനാശം വരുത്തണമെന്നു തന്നെ ദൈവം നിശ്ചയിച്ചു. ഇതറിഞ്ഞ ലോത്ത് പ്രതിശ്രുതവരന്മാരായ രണ്ടുപേരോടും പറഞ്ഞു ഈ പട്ടണം ദൈവം നശിപ്പിക്കുവാൻ പോകുന്നു പെട്ടെന്നു രക്ഷപെട്ടുകൊൾവിൻ എന്ന്. ദൈവത്തിന്റെ മുന്നറിയിപ്പ് അവസാനനിമിഷത്തിലും പ്രതിശ്രുതവരന്മാരോടറിയിക്കുവാൻ മുതിർന്ന ലോത്തിന്റെ ആത്മീയ പ്രബുദ്ധതയുടെ മാതൃക നമുക്കും സ്വീകരിക്കാവുന്നതാണ്. ലോത്ത് തമാശ പറയുകയാണെന്നവർ വിചാരിച്ചു. അങ്ങനെ അവരും കൊല്ലപ്പെട്ടു. ദൈവദാസന്മാർ സത്യം വചിക്കുമ്പോൾ അതു തമാശയാണെന്നു കരുതുന്നവർ ഇന്നും സഭയിലുണ്ട്. നോഹ പ്രസംഗിച്ചപ്പോഴും ജനം ഇങ്ങനെ പറഞ്ഞിരുന്നു. നാം ഒരു സ്ഥലത്തു താമസം ഉറപ്പിക്കുമ്പോൾ നല്ല അയൽവാസികളാണോ, ദുഷ്ടന്മാരുടെ അതിപ്രസരം ആ പ്രദേശത്തുണ്ടോ എന്നൊക്കെ പരിശോധിച്ചിട്ടു വേണം സ്ഥലം വാങ്ങുവാനും വീടുവെയ്ക്കുവാനുമൊക്കെ തുനിയേണ്ടത്. ഇതൊന്നും നോക്കാഞ്ഞതിനാൽ ലോത്തിന് ഒടുവിൽ ദുർഗതി ഭവിക്കുകയായിരുന്നു. അദ്ദേഹം സമ്പൽസമൃദ്ധിയുടെയും സുഖലോലുപതയുടെയും പുറകെ പോയി ആ ദുഷ്ടത നിറഞ്ഞ പട്ടണത്തിൽ പാർക്കുവാനിഷ്ടപ്പെട്ടു. ദൈവത്തിന്റെ പദ്ധതിപ്രകാരം പ്രസ്തുത പട്ടണത്തെ മുഴുവനും നശിപ്പിക്കുമെന്ന് യഹോവ ഉറപ്പുവരുത്തി. ഏതായാലും രണ്ടു ദൂതന്മാർ വൈകുന്നേരമായപ്പോൾ ലോത്തിന്റെ വീട്ടിലെത്തി. എന്നാൽ പട്ടണത്തിലെ ദുർമാർഗ്ഗികൾ അവരുടെ കാമാസക്തിക്കുവേണ്ടി ആ പുരുഷന്മാരെ വിട്ടുകൊടുക്കുവാൻ നിർബന്ധിച്ചു. അതിനു ലോത്ത് വഴങ്ങിയില്ല. എന്നാൽ ദൈവം അത്തരുണത്തിൽ ലോത്തിനെയും കുടുംബത്തെയും അത്ഭുതം പ്രവർത്തിച്ച് അവരിൽ നിന്നു വിടുവിക്കയാണുണ്ടായത്. തീയും ഗന്ധകവും ഇറക്കി ദൈവം പട്ടണത്തെ നശിപ്പിക്കുവാൻ തുടങ്ങിയപ്പോൾ ആ കുടുംബം മന്ദഗതിയിൽ ആയി

▶

## ലോത്തിന്റെ ഭാര്യ ഉപ്പുതൂണായി ഭവിച്ചു : ചില ചിന്തകൾ

രിക്കുന്നതുപോലെ തോന്നി. അന്നേരം ലോത്തിനേയും കുടുംബത്തേയും ദൂതന്മാർ പെട്ടെന്നു കൈപിടിച്ച് പുറത്തുകൊണ്ടാക്കിയശേഷം ജീവരക്ഷയ്ക്കായി ഓടിക്കൊൾവാൻ പറഞ്ഞു. കാര്യം ഗ്രഹിച്ച അവർ ത്ധടുതിയിൽ രക്ഷപെടുവാൻ ഓടിത്തുടങ്ങി. അവർ ഓടാൻ ആരംഭിക്കുന്നതിനു മുമ്പു തന്നെ ദൂതൻ മുന്നറിയിപ്പ് കൊടുത്തിരുന്നു പുറകോട്ടു നോക്കരുതെന്ന്. അതനുസരിച്ച് ലോത്തും പെൺമക്കളും പുറകോട്ടു നോക്കിയതുമില്ല. എന്നാൽ ലോത്തിന്റെ ഭാര്യയുടെ മനസ്സിൽ സുഖസൗകര്യങ്ങൾ നഷ്ടപ്പെട്ടല്ലോയെന്നു തോന്നിക്കാണും. അങ്ങനെ "ലോത്തിന്റെ ഭാര്യ അവന്റെ പിന്നിൽ നിന്നു തിരിഞ്ഞുനോക്കി ഉപ്പുതൂണായി ഭവിച്ചു" (ഉല്പത്തി 19:26). അനുസരണക്കേടാണ് ഇങ്ങനെ സംഭവിക്കാൻ ഇടയാക്കിയതെന്നു മനസിലാക്കാവുന്നതാണ്. ദൈവത്തിന്റെ മുന്നറിയിപ്പിനെ ലോത്തിന്റെ ഭാര്യ അഗണ്യമാക്കിയതിന്റെ ഫലം അവൾക്കു ഉപ്പുതൂണായി തീരേണ്ടി വന്നു. അനന്തരം ലോത്ത് പെട്ടെന്ന് പെൺമക്കളുമൊന്നിച്ച് ബദ്ധപ്പെട്ടു ചെന്ന് ഒരു ഗുഹയിൽ പാർക്കുകയാണുണ്ടായത്. ആശ്രയത്തിനും ആലോചനയ്ക്കും സ്വന്തം അമ്മ അടുത്തില്ലാതിരുന്നതിനാലാണ് അപ്പനോടു കൂടി ശയിക്കണമെന്നുള്ള അഭിനിവേശം അവരിലുദിക്കുവാൻ കാരണമായത്.

പെൺമക്കളുള്ള തള്ളമാർ അവരുടെ ഭാവിയെക്കരുതി ദൈവത്തോട് അനുസരണക്കേട് കാണിക്കയോ സ്വന്ത ഇഷ്ടങ്ങൾക്കുവേണ്ടി പെൺമക്കളോട് അവഗണനാമനോഭാവം കാട്ടുകയോ ചെയ്യരുത്. അങ്ങനെ കാട്ടിയാൽ പ്രത്യേകിച്ച് കൗമാരപ്രായക്കാർ, വഴിതെറ്റിപ്പോകാനുള്ള സാദ്ധ്യതയുണ്ട്. ഇന്നത്തെ അമ്മമാർ പെൺമക്കളുടെ കാര്യത്തിൽ ആദ്യം മുതലേ ശ്രദ്ധ ചെലുത്തിക്കൊള്ളണം. ഉറങ്ങുമ്പോൾ രാത്രിയിൽ പെൺമക്കളറിയാതെ അവരുടെ മുറിയിലോട്ടൊന്നു കണ്ണോടിക്കുന്നത് നന്നായിരിക്കും. മാതാവ് നല്ല വിശ്വാസിനിയായി ജീവിച്ചതുകൊണ്ടു മാത്രമായില്ല, പിന്നെയോ ദൈവകല്പന അനുസരിക്കുകയും ബുദ്ധികേട് കാണിക്കാതെ പെൺമക്കൾ തെറ്റിപോകാനുള്ള കാരണങ്ങൾ ക്ഷണിച്ചുവരുത്താതിരിക്കുകയും വേണം. കലപ്പയ്ക്ക് കൈവെച്ച് മുമ്പോട്ട് ഉഴുതുപോയാൽ മാത്രം പോരാ പുറകോട്ടു തിരിഞ്ഞു നോക്കാതിരിക്കുകയും വേണം. കാരണം പുറകോട്ടു നോക്കിയാൽ ഉഴവുചാലുകൾക്കും കോട്ടം തട്ടും. വിത്തെല്ലാം നല്ല നിലത്തുവീണ് നൂറുമേനി ലഭ്യമാകുകയുമില്ല. ഒരു കാര്യം മറന്നുപോകരുത് "കലപ്പയ്ക്കു കൈവെച്ച ശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിനു കൊള്ളാകുന്നവല്ല" (ലൂക്കൊസ് 9:62).

സുഖസൗകര്യങ്ങളെ പ്രതിയും സ്വന്ത ഇഷ്ടം നിലനിർത്താൻ വേണ്ടിയും വിശ്വാസികൾ കുട്ടികൾക്കു കൊടുക്കേണ്ട ശിക്ഷണവും കർത്തവ്യങ്ങളും മറക്കാറുണ്ട്. കുടുംബത്തിൽ നമ്മുടെ മക്കൾ വളർത്തപ്പെടേണ്ടത് അതീവശ്രദ്ധയോടുകൂടെയായിരിക്കണം. പ്രത്യേകിച്ച് പെൺമക്കൾ ദുഃസ്വഭാവക്കാരായി മാറിപ്പോകാനുള്ള മുഖാന്തിരങ്ങളൊന്നും തന്നെ അവരുടെ മുമ്പിൽവെച്ച് മാതാപിതാക്കൾ അമാതൃകയായി കാണിക്കരുത്. നല്ല ലക്ഷ്യബോധത്തോടെ അപ്പൊസ്തലനായ പൗലോസ് പറഞ്ഞതുപോലെ നമുക്കും പറയാൻ കഴിയണം. "ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞും കൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു" (ഫിലിപ്പിയർ 3:14). അനുസരണമുള്ളവർക്കേ ഇത് അനുവർത്തിക്കുവാൻ കഴിയുകയുള്ളു. ദൈവനിയോഗങ്ങളെ അനുസരിക്കാതിരുന്ന വ്യക്തികളുടെ അനുഭവങ്ങൾ സംജാതമാക്കിയ സംഭവങ്ങളെക്കുറിച്ചുള്ള ധാരാളം ഉദാഹരണങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട്. ആദാമും ഹവ്വയും അനുസരണക്കേടു കാണിച്ചു. ആഖാൻ അരുതാത്തതു ചെയ്ത് ശപഥാർപ്പിത വസ്തുക്കളെ സ്വീകരിച്ചു. ശൗൽ രാജാവ്, യുദ്ധത്തിൽ കിട്ടിയ നല്ല വസ്തുക്കളെ സ്വായത്തമാക്കി. അതെടുക്കരുതെന്നു ദൈവം പ്രത്യേകം ഓർമ്മിപ്പിച്ചിട്ടും അനുസരണക്കേടു കാണിച്ച് യഹോവയ്ക്ക് അനിഷ്ടം വരുത്തി വെച്ചു. തൽഫലമായി പരാജയങ്ങൾ വന്നു ഭവിച്ചു. എന്നാൽ അനുസരിച്ചവർക്കുണ്ടായ അനുഗ്രഹങ്ങളുടെ വിവരങ്ങളും ബൈബിളിലുണ്ട്. അബ്രഹാമും, ശൂനേംകാരത്തി സ്ത്രീയും, പ്രവാചകശിഷ്യന്റെ ഭാര്യയും, യോർദ്ദാനിൽ ഏഴു പ്രാവശ്യം മുങ്ങിയ നയമാനുമെല്ലാം അനുഗ്രഹിക്കപ്പെടുവാൻ കാരണമായത് ദൈവത്തിന്റെ നിർദ്ദേശങ്ങൾ അതേ പടി സ്വീകരിച്ചതുകൊണ്ടാണ്. പക്ഷെ, ലോത്തിന്റെ ഭാര്യയാകട്ടെ, ഓടാൻ പറഞ്ഞ വാക്കനുസരിച്ചെങ്കിലും പിറകോട്ടു നോക്കരുതെന്ന് പ്രത്യേകം എടുത്തു പറഞ്ഞ കല്പന അനുസരിച്ചില്ല. പ്രിയരേ, അവൾക്കു വീണ്ടുമൊരു ജീവിതം നയിക്കുവാനാവാതെ എന്നെന്നേക്കുമായി ഉപ്പുതൂണായി തീരുകയാണുണ്ടായത്. ഒരു വേദവാക്യം ഞാനിവിടെ ഉദ്ധരിക്കട്ടെ, "യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവയ്ക്കു പ്രസാദമാകുമോ? ഇതാ അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസിനെക്കാളും നല്ലത്" (1 ശമു. 15:22).

ഇന്നത്തെ വിശ്വാസികൾ സഭായോഗങ്ങൾക്കു വരികയും പരിശുദ്ധാത്മനിറവോടു പ്രാർത്ഥിക്കുകയും, കർത്തൃമേശയിൽ പങ്കുകൊള്ളുകയും, ആദ്യഫലങ്ങളും സ്തോത്രകാഴ്ചയും യാഗമായി സമർപ്പിക്കുകയും, ഉപദേശിക്കു മൃഷ്ടാന്നഭോജനം ഒരുക്കിക്കൊടുക്കയും, കൈമടക്കു നൽകി സന്തോഷിപ്പിക്കുകയും ചെയ്യാറുണ്ട്. എന്നാൽ അതുമാത്രം ചെയ്താൽ പോരാ, ദൈവവചനം പൂർണ്ണമായി അനുസരിക്കുകയും സഭാശുശ്രൂഷകന്റെ വാക്കുകൾ ശ്രദ്ധിച്ചു കേട്ട് അത് നടപ്പാക്കുകയുമാണ് വേണ്ടത്. ഇറച്ചിക്കോഴികളുടെ മേദസ്സോ, പട്ടുസാരികളുടെ മനോഹാരിതയോ, കോളറിന്റെ വടിവോ, മുഖം മിനുക്കു പ്രയോഗങ്ങളോ അല്ല ദൈവത്തിനു പ്രസാദകരമായിരിക്കുന്നത് പിന്നെയോ കർത്താവിനെ പൂർണ്ണമായി അനുസരിച്ച്കൊണ്ട് അവന്റെ കല്പനകളെ പ്രമാണിക്കുന്നതാകുന്നു ഉത്തമമായിട്ടുള്ളത്.

●

---

പഴയപുറം

*കർത്താവിന്റെ കഷ്ടാനുഭവ സ്മരണകൾ*

# ആ മഹൽ പ്രഖ്യാപനം

*കഴിഞ്ഞലക്കം തുടർച്ച*

പി.ഐ. കുര്യൻ

സംഘാദ്ധ്യക്ഷൻ സംഘാംഗങ്ങളുടെ തീരുമാനത്തിനായി വിഷയം സമർപ്പിക്കുന്നു. എന്നാൽ നിഷ്പക്ഷമായ ഒരു ചോദ്യമായിരുന്നില്ല അതെന്നു കാണാം. അദ്ധ്യക്ഷന്റെ വാക്കുകൾ നോക്കുക. "നിങ്ങൾ ഇപ്പോൾ ദൈവദൂഷണം കേട്ടുവല്ലൊ നിങ്ങൾക്കെന്തു തോന്നുന്നു" അംഗങ്ങളുടെ അഭിപ്രായം അറിയുന്നതിനു മുമ്പുതന്നെ അധ്യക്ഷൻ കുറ്റം വിധിച്ചുകൊണ്ടുള്ള ചോദ്യമാണ് ചെയ്തത്. ന്യായമായ വോട്ടു എടുക്കുകയാണെങ്കിൽ, നിങ്ങൾ അവന്റെ വാമൊഴി കേട്ടുവല്ലോ നിങ്ങൾക്ക് എന്തു തോന്നുന്നു എന്നാണ് ന്യായമായി ചോദിക്കേണ്ടത്. എന്നാൽ ഈ ചോദ്യത്തെ അധ്യക്ഷന്റെ അധികാരപ്രമത്തതയുടെ ഒരു ലക്ഷ്യമായി എടുക്കാം. അധ്യക്ഷൻ ആശിച്ച മറുപടി തന്നെ കിട്ടുകയും ചെയ്യാം. "അവൻ മരണയോഗ്യൻ" എന്ന് അവർ വിളിച്ചു പറഞ്ഞു. അരിമത്യയിലെ യോസേഫ് അവിടെ സന്നിഹിതനായിരുന്നുവോ എന്തോ? ഏതായാലും അവൻ അവരുടെ ആലോചനയ്ക്കു അനുകൂലിയല്ലായിരുന്നു, അവന്റെ സാന്നിദ്ധ്യം ഇല്ലായിരുന്നുവെങ്കിൽ അവർ "ഐക്യകണ്ഠേന" വിളിച്ചു പറഞ്ഞു എന്നുവിചാരിക്കാം.

സ്വാഭാവിക നീതിപോലും പരിഗണിക്കാതെ അനീതിപരമായി വിധി പ്രസ്താവിക്കുന്നതിന് ഒരു മാതൃകയായി ഈ വിധിയെ എടുക്കാം. പ്രതിക്കു തന്റെ വാദം സ്ഥാപിപ്പാനുണ്ടോ എന്നു ചോദിക്കയോ, അഥവാ പ്രതിയുടെ പ്രസ്താവന തെറ്റാണെന്ന് ഇതര തെളിവുകൾ കൊണ്ട് ന്യായവിസ്താരസഭ സ്ഥാപിക്കയോ ചെയ്യാത്ത ഒരു വിധിയാണിത്. യറുശലേം ന്യായാധിപന്മാരേ, നിങ്ങൾക്കു ഹാ കഷ്ടം! മറച്ചു വച്ചത് ഒക്കെയും വെളിച്ചത്തിലേക്കു കൊണ്ടുവരികയും, നിങ്ങൾ തന്നെയും അന്ത്യന്യായവിസ്താരത്തിന് കൊണ്ടുവരപ്പെടുകയും ചെയ്യുമ്പോൾ നിങ്ങൾക്കു എന്തു ഭവിക്കും!

നമ്മുടെ സ്ഥാനം നമ്മുടെ കർത്താവ് ഏറ്റതിന്റെ ഫലമായിട്ടാണ് അവൻ മരണാർഹനായത്. അല്ലാതെ മരണയോഗ്യമായതോ അടിക്കു യോഗ്യമായതൊ അധിക്ഷേപത്തിനു യോഗ്യമായതോ അവൻ ചെയ്തിട്ടില്ല. അവനിൽ വിശ്വസിക്കുന്ന ഏവനും മരണഭീതി ഇല്ലാതാക്കേണ്ടതിനു അവൻ നമുക്കുവേണ്ടി മരണം ആസ്വദിക്കയും മരണത്തിന്റെ വിഷമുള്ളിനെ നീക്കുകയും ചെയ്തു.

അവൻ "മരണയോഗ്യൻ" എന്നു അവർ പറഞ്ഞതിനെ തുടർന്ന് അത്യന്തം ദയനീയമായ ചില സംഗതികൾ ആ വിസ്താരഹോളിൽ വച്ചു തന്നെ നടന്നു. അതു വിവരിപ്പാൻ പ്രയാസമാണ്. വിധിക്കപ്പെടുന്ന പ്രതികളോടു മര്യാദയായി വർത്തിക്ക എന്നത് സംസ്കാരമുള്ള ഏതു ജനതയ്ക്കും ഗവർമെന്റിനും യോജിച്ചതാണ്. നമ്മുടെ കർത്താവ് നമ്മുടെ സ്ഥാനമേറ്റതിനാൽ അവൻ ഒരു ശാപഗ്രസ്തമായ നിലയിലേക്കു തന്നെ താഴേണ്ടി വന്നു. അവന്റെ നാമത്തിനും മഹത്വമുണ്ടാകട്ടെ. ദൈവത്തിന്റെ പുത്രനായ ക്രിസ്തു താൻ കുടിപ്പാനുള്ള പാനപാത്രത്തിൽ നിന്നും അല്പാല്പം കുടിക്കുവാൻ തുടങ്ങുകയാണ്. അവൻ ഏല്ക്കുവാനുള്ള സ്നാനജലത്തിൽ അവന്റെ കാലുകൾ പതിയ്ക്കയാണ്.

വാക്യങ്ങളുടെ കിടപ്പു നോക്കിയാൽ, ചേവകരോ മറ്റോ അല്ല, വിധികർത്താക്കളായി വന്നുകൂടിയ പ്രമാണികൾ തന്നെയാണ് അവനോട് ഇങ്ങിനെ നീചമായി വർത്തിച്ചതെന്നു കാണാം. "അവൻ മരണയോഗ്യൻ എന്നു അവർ ഉത്തരം പറഞ്ഞു. അപ്പോൾ അവർ അവന്റെ മുഖത്തു തുപ്പി. അവനെ മുഷ്ടി ചുരുട്ടി കുത്തി. ചിലർ അവന്റെ കന്നത്തടിച്ചു. അവന്റെ മുഖം മൂടി അവനെ അടിക്കയും, ഹേ, ക്രിസ്തുവേ നിന്നെ തല്ലിയതു ആർ എന്നു ഞങ്ങളോടു പ്രവചിക്ക എന്നു പറകയും ചെയ്തു".

'അവർ അവന്റെ മുഖത്തു തുപ്പി" ആ മുഖം സ്നേഹാർദ്രമായ അനുഭാവത്തോടും മനസ്സലിവോടും കൂടി ജനതയേയും വ്യക്തികളേയും വീക്ഷിച്ചിട്ടുള്ള ആ മുഖം, അദൃശ്യനായ ദൈവത്തിന്റെ പ്രതിമയായ ആ മുഖം, ആ നിന്ദ്യന്മാരുടെ തുപ്പൽ കൊണ്ടു നിറഞ്ഞു. അവൻ അത് എങ്ങനെ സഹിച്ചു. അവൻ ഒരക്ഷരം ശബ്ദിക്കയോ, പിറുപിറുക്കയോ ചെയ്തില്ല. പൂർവ്വോക്തങ്ങളായ തിരുവെഴുത്തുകൾ അക്ഷരംപ്രതി അവനിൽ നിറവേറുകയാണ് ഉണ്ടായത്. യശയ്യാ 50:6–ൽ പറയുന്നതുപോലെ "എന്റെ മുഖം നിന്ദയ്ക്കും തുപ്പലിനും മറച്ചിട്ടുമില്ല" എന്ന തിരുവെഴുത്തു ഇവിടെ നിവൃത്തിയായി, കർത്താവു തന്നെയും ഇതു മുൻകൂട്ടി കാണുകയും പ്രസ്താവിക്കയും ചെയ്തിട്ടുണ്ട് (മർക്കോ. 10:34) 'അവർ എന്റെ മുഖത്തു തുപ്പുവാൻ ശങ്കിക്കുന്നില്ല" എന്നു യോബു പറഞ്ഞുനോക്കുമ്പോൾ യോബിനെ ഇക്കാര്യത്തിൽ കർത്താവിനു ഒരു മുൻകുറിയായി എടുക്കാം. ദേവരധർമ്മം അനുഷ്ഠിച്ചു സഹോദരന്റെ ഭവനത്തെ പണിയാത്തവന്റെ മുഖത്തു തുപ്പുന്ന കാര്യം പറയുന്നുണ്ട്. എന്നാൽ നമ്മുടെ കർത്താവാകട്ടെ മനുഷ്യജാതിക്കുവേണ്ടി ഭവനം പണികയും അനേകം പുത്രന്മാരെ തേജസ്സിലേക്കു നടത്തുവാൻ തുനിയുകയും ചെയ്യുമ്പോൾ തുപ്പൽ ഏറ്റുവല്ലോ. മനുഷ്യപുത്രന്മാരിൽ അതിസുന്ദരനായ നമ്മുടെ കർത്താവ് തന്റെ മുഖത്തെ തുപ്പലിനു മറയ്ക്കാതിരിക്കുന്നതു നമ്മുടെ മുഖങ്ങൾ ലജ്ജിച്ചു പോകാതിരിപ്പാൻ വേണ്ടിയാണ്. അവനു മഹത്വം കൊടുപ്പിൻ.

അവർ മുഖംമൂടി അവനെ അടിക്കയും അവനെ തല്ലിയത് ആർ എന്നു പ്രവചിക്ക എന്നു പറഞ്ഞു പരിഹസിക്കയും ചെയ്തു. അവന്റെ പ്രവാചകത്വത്തെയാണ് അവർ ഇതിൽ കളിയാക്കിയത്. അവനെ ബന്ധിച്ചു നിറുത്തിയിട്ടാണ് അവർ ഇതൊക്കെയും അവനോടു ചെയ്തത്. അവനൊ തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും ഭീഷണം കേട്ടിട്ട് പ്രതിവാദം ചെയ്യാതെയും സകലവും ന്യായമായി വിധിക്കുന്നവങ്കൽ ഭരമേൽപ്പിച്ചു യാതൊന്നിലും അശേഷം ചലിച്ചില്ല. എന്തൊരു ഗാംഭീര്യം. "മൗനതയിൽ രാജപ്രഭാവം, സംസാരത്തിലും രാജപ്രതാപം, സംസാരിപ്പാനുള്ള ഭീഷണിയിൽ ഇളകാത്തവൻ, സംസാരിച്ചശേഷമുള്ള ഭീഷണി കേട്ടിട്ടും ചലിക്കാത്തവൻ".

ഈ രംഗം ഇവിടെ നമുക്കു നിറുത്താം. അവൻ ഇതൊക്കെയും സഹിച്ചതും നമ്മുടെ നിമിത്തമാണ്. അവൻ എത്ര മഹാൻ എന്നു നോക്കുവിൻ. നാമോ എത്ര കുറച്ചു മാത്രം അവനെക്കുറിച്ചു ചിന്തിക്കുന്നു? നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും അവന് എന്തു മാത്രം സ്ഥാനവും സ്വാധീനശക്തിയും ഉണ്ട്. ഓ, കർത്താവേ നീ സകലരേക്കാളും വിലയേറിയവൻ. നീ മാത്രം ആരാധ്യൻ എന്നു ഏറ്റു പറഞ്ഞുകൊണ്ട് നമുക്കു അവന്റെ മുമ്പാകെ വീണു അവനെ വണങ്ങാം.

എന്നാൽ ഇതു വായിക്കുന്ന ആരെങ്കിലും ഇനിയും ഈ കർത്താവിനെ തന്റെ സ്വന്തരക്ഷിതാവായി അംഗീകരിച്ചിട്ടില്ലെങ്കിൽ പ്രിയനെ, ഈ കർത്താവിനെ സ്നേഹിക്കാത്ത ഏവനും ശപിക്കപ്പെട്ടവനാണ് എന്ന് ഓർത്തുകൊള്ളുക. രണ്ടു ഭാഗങ്ങളാണ് ഈ രംഗത്തു നാം കണ്ടത്. കർത്താവ് ഒരു പക്ഷത്ത് ഏകനായി നിൽക്കുന്നു. മറുഭാഗത്തു അവനെ അവമാനിക്കയും കൊല്ലുവാൻ ബദ്ധപ്പെടുകയും ചെയ്യുന്ന ഒരു കൂട്ടം നിൽക്കുന്നു. നീ ഇതിൽ ആരുടെ പക്ഷത്തു ചേർന്നു നിൽക്കും. ഏകനായി നിൽക്കുന്ന കർത്താവിനോടു ചേർന്നു നിന്ന് അവനെ മഹത്വപ്പെടുത്താൻ നീ ഇഷ്ടപ്പെടുന്നില്ലെങ്കിൽ നീ മറുവശത്തു ചേർന്ന് കർത്താവിനെ അവമാനിയ്ക്കയാണ് ചെയ്യുന്നത്. ഇവയ്ക്കു രണ്ടിനും ഇടയ്ക്കു ഒരു സ്ഥാനമില്ല. നീ ഏതു തിരഞ്ഞെടുക്കും. കർത്താവായ യേശുക്രിസ്തു ചെയ്തിരിക്കുന്ന ആ മഹൽപ്രഖ്യാപനത്തിൽ അവന്റെ വ്യക്തിമാഹാത്മ്യം പ്രകാശിതമായിരിക്കുന്നു. അവനോടു ചേർന്ന് അവനെ ആരാധിക്കാം.

●

# സഭാ ദൗത്യവും സൗരോർജ്ജവും

എസ്. സഞ്ജീവി, കൂത്താട്ടുകുളം

'**സൗ**രോർജ്ജ വ്യാപനം സഭയുടെ ദൗത്യം'. ആഗസ്റ്റ് 7–ാം തീയതി വർത്തമാനപ്പത്രങ്ങളിൽ വന്നൊരു തലക്കെട്ടാണിത്. കേരളത്തിലെ അറിയപ്പെടുന്നൊരു ക്രിസ്തീയ സഭമേലദ്ധ്യക്ഷന്റെ വാക്കുകളാണിത്. കേരളത്തിലെ ഊർജ്ജ പ്രതിസന്ധി മറി കടക്കുന്നതിനായി തങ്ങളുടെ അംഗങ്ങളെ സൗരോർജ്ജം ഉപയോഗിക്കുന്നതിനായി സജ്ജരാക്കുന്നതിനുള്ള പ്രഖ്യാപനമാണിത്. അതു സഭ ഒരു ദൗത്യമായി ഏറ്റെടുക്കുന്നുവത്രെ.

ഈ വാർത്ത കണ്ടാൽ മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നം ഊർജ്ജ പ്രതിസന്ധി മാത്രമാണെന്നു തോന്നിപ്പോകും. ഇന്നത്തെ പരിതസ്ഥിതിയിൽ ഊർജ്ജ പ്രതിസന്ധി പ്രാധാന്യമർഹിക്കുന്നതു തന്നെയാണ്. എന്നാൽ ക്രൈസ്തവ സഭയും പരമാദ്ധ്യക്ഷനായ യേശുക്രിസ്തു ഏൽപ്പിച്ച ദൗത്യം ഇങ്ങനെയുള്ള ഭൗതീക വിഷയങ്ങളല്ല എന്നു തിരിച്ചറിയുവാൻ ഇനിയും കാലം എത്ര എടുക്കും. ക്രൈസ്തവ വീക്ഷണത്തിൽ വന്നുപെട്ട ലക്ഷ്യമില്ലായ് നിസ്സാരമായി കാണാവുന്നതല്ല.

കർത്താവായ യേശു തന്റെ മരണ പുനരുത്ഥാനത്തിനു ശേഷം നൽകിയ ദൗത്യം വളരെ ശ്രേഷ്ഠമാണ്. പരിശുദ്ധാത്മാവിന്റെ വരവോടു കൂടിയാണ് സഭ സ്ഥാപിക്കപ്പെട്ടത്. എന്നാൽ അതിനു മുമ്പു തന്നെ പരിശുദ്ധാത്മാവു വരുമ്പോൾ നടപ്പിലാകുന്ന, നടപ്പിലാകേണ്ട കാര്യങ്ങൾ കർത്താവു പറഞ്ഞിരുന്നു. അതു യേശുവിന്റെ സാക്ഷികളാകുക എന്നതാണ്. സുവിശേഷഘോഷണം അഥവാ യേശുവിലൂടെയുള്ള പാപമോചനവും വീണ്ടെടുപ്പും ലോകത്തെല്ലാടവും അറിയിക്കണം എന്നതായിരുന്നു കർത്താവു തന്റെ ശിഷ്യന്മാർക്കു കൊടുത്ത കല്പന (മത്താ. 28:19–20; മർക്കോ. 16:15, 16 അപ്പോ. 1:18). അതു അവർ യഥോചിതം നടപ്പിലാക്കയും അതിലൂടെ അനേകർ ആത്മരക്ഷയും പാപമോചനവും പ്രാപിക്കയും ചെയ്തു. അങ്ങനെ അതിർ കടന്നു ലോകത്തെല്ലാടവും ക്രിസ്തുസഭകൾ സ്ഥാപിക്കപ്പെട്ടു. എന്നാൽ ഇന്നു ക്രിസ്തുസഭകൾ തങ്ങളുടെ ലക്ഷ്യം മറന്നു, ഏൽപ്പിക്കപ്പെട്ട ദൗത്യം ഉപേക്ഷിച്ചു പ്രസ്ഥാനങ്ങൾ കെട്ടിയുയർത്തുന്നതിനും ഭൗതികനേട്ടങ്ങൾക്കുമായി പ്രവർത്തിക്കുന്നു. ഒരു കാലത്ത് ആത്മരക്ഷ പ്രസിദ്ധം ചെയ്വാൻ ആവേശം കാട്ടിയിരുന്ന സഭകളൊക്കെത്തന്നെ ഇന്നു വിപുലമായ വ്യാപാരങ്ങളിലേക്കു തിരിഞ്ഞിരിക്കുന്നു. വൈദ്യരംഗത്തും വിദ്യാഭ്യാസരംഗത്തുമൊക്കെ ഇവർ നൽകിയ സംഭാവനകൾ വിസ്മരിക്കപ്പെടേണ്ടവയല്ല. എന്നാൽ അതെല്ലാം തന്നെ ആരംഭിച്ചത് മനുഷ്യന്റെ ആത്യന്തിക പ്രശ്നമായ ആത്മീയ പ്രശ്നത്തിനുള്ള പരിഹാരം അറിയിക്കുവാനുള്ള മാർഗ്ഗമായിട്ടാണ്. അവ പിന്നീടു അമിതമായ ആദായമാർഗ്ഗങ്ങളായി മാറിയപ്പോൾ നൂൽ പൊട്ടിയ പട്ടം പോലെയായി.

സുവിശേഷ വിഹിത സഭകളിലും ഈ പ്രവണതകൾ കൂടി വരുന്നത് ആശാവഹമല്ല. മിഷനറിമാർ ഇവിടെ വന്നപ്പോൾ ആരംഭിച്ച സ്കൂളുകളോ ആശുപത്രികളോ എല്ലാം തന്നെ അവശത അനുഭവിക്കുന്ന ജനത്തെ ഉദ്ധരിക്കുവാൻ മാത്രമായിരുന്നില്ല. അതിലുപരി അവരെ ആത്മീയ ഉന്നമനത്തിലെത്തിക്കുന്നതിനുള്ള മാദ്ധ്യമമായിരുന്നു. അതായിരുന്നു അവരുടെ പ്രധാന ലക്ഷ്യം. ഇന്നു പ്രസ്ഥാനങ്ങളുടെ തലപ്പെത്തെത്താനും മറ്റുമുള്ള വ്യഗ്രത കാണുമ്പോൾ കർത്താവു ദുഃഖിക്കുന്നുണ്ട് എന്ന വസ്തുത മറന്നു പോകരുത്. സിംഹാസനവും അംശവടിയുമൊന്നും ഇല്ലെങ്കിലും നമ്മളും അധികാരക്കൊതിയന്മാരായി മാറുന്നില്ലേ എന്നു ചിന്തിക്കുക.

തന്റെ വചനം കേൾക്കാൻ വന്നവർക്ക് അപ്പവും സൗഖ്യവും കൊടുത്താണ് കർത്താവ് അയച്ചത്. എന്നാൽ ലക്ഷ്യം ആത്മാവിന്റെ പ്രശ്ന പരിഹാരമായിരുന്നു. ആകയാൽ സഭയുടെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചു നാം ചെയ്യുന്ന ഒരു പ്രവർത്തനങ്ങളെയും കർത്താവു അംഗീകരിക്കുന്നില്ല. സഭയുടെ ആത്യന്തിക ദൗത്യം എക്കാലവും സുവിശേഷീകരണമായിരിക്കണം. അതു നിറവേറ്റുവാൻ കർത്താവ് മറ്റാരെയും ഒന്നിനെയും ഏൽപിച്ചിട്ടില്ല. നാം അതു ചെയ്യുന്നില്ലെങ്കിൽ മറ്റാര് ഇത് ചെയ്യും. കർത്താവ് നമ്മുടെ കണ്ണുകളെ തുറക്കട്ടെ. ●

# സുവിശേഷവയലിലേക്ക്...

**കോടഞ്ചേരി:** കോഴിക്കോട് ജില്ലയിൽ കോടഞ്ചേരി ഹെബ്രോൻ ബ്രദറൺ ചർച്ച് സഭാംഗമായ പി.എം. പത്രോസിന്റെയും ഏലിക്കുട്ടിയുടെയും ഏക മകനാണ് സോണി പീറ്റർ. യാക്കോബായ പശ്ചാത്തലത്തിൽ നിന്നും രക്ഷിക്കപ്പെട്ട് മുന്നോട്ട് വന്ന കുടുംബമാണ് സോണി പീറ്റർ. 1998 മാർച്ച് 1–ാം തീയതി രക്ഷിക്കപ്പെടുവാനും 2003 ആഗസ്റ്റ് 3–ാം തീയതി സ്നാനപ്പെടുവാനും കർത്താവ് കൃപ ചെയ്തു. സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം 2008–11 കാലയളവിൽ പത്തനംതിട്ട ബി.ബി.ഐ. നിന്നും B.Th ബിരുദം എടുത്ത് ഈ ബാച്ചിലെ ഏറ്റവും നല്ല വിദ്യാർത്ഥിയായി B.B.I. തിരഞ്ഞെടുത്തു. ഈ പഠന കാലയളവിൽ സുവിശേഷവേലയ്ക്കുള്ള വിളി ബോദ്ധ്യപ്പെടുവാനും തീരുമാനം എടുക്കുവാൻ ദൈവം സഹായിച്ചു. കഴിഞ്ഞ ഒരു വർഷമായി സഭയോട് ചേർന്നു വിവിധ ശുശ്രൂഷകൾ ചെയ്തു വരുന്നു. സ്വന്ത സ്ഥലത്തും പരിസരപ്രദേശങ്ങളിലും കർത്താവിന്റെ വേല ചെയ്തു വരുന്നു. കൂടാതെ വൈ.എം.ഇ.എഫ്. ബാലസംഘം, വി.ബി.എസ് എന്നീ പ്രവർത്തനങ്ങളിലും സജീവമായിരുന്നു.

സോണി പീറ്ററിന്റെ സുവിശേഷവേലയ്ക്കുള്ള വിളിയും തിരഞ്ഞെടുപ്പും സഭയ്ക്ക് ബോദ്ധ്യപ്പെട്ടതിനാൽ സുവിശേഷകനായി അംഗീകരിച്ചിരിക്കുന്നു. ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയ്ക്കും സഹകരണത്തിനും സഭകളുടെ അറിവിലേക്കു പരസ്യപ്പെടുത്തുന്നു. എന്ന് സഭയ്ക്ക് വേണ്ടി, സുവി. കെ. എ. വർഗീസ്, കെ. കെ. പൗലോസ്, കെ. യു. രാജു

Sony Peter, Palachuvattil, Meemutty P.O., Kodenchery (via), Kozhikode - 673 580

**ഇടുക്കി :** ഹൈറേഞ്ചിലെ പ്രധാന പട്ടണങ്ങളിൽ ഒന്നായ അടിമാലിയിൽ കൂടി വരുന്ന വിശ്വാസികളിൽ ഒരാളാണ് റെജിമോൻ മാത്യു. ദൈവവേലയ്ക്കുള്ള വിളി ലഭിച്ചതിനാൽ കുടുംബമായി ദൈവവേലയ്ക്കു സമർപ്പിക്കുകയും, അടിമാലി ടൗണിലെ തന്റെ ബിസിനസ്സ് സ്ഥാപനം നിർത്തുകയും, കുമ്പനാട് ബൈബിൾ സ്കൂളിൽ പഠനം പൂർത്തിയാക്കുകയും ചെയ്തു.

തനിക്ക് ഭാര്യയും 2 മക്കളുമുണ്ട്. ഇപ്പോൾ അടിമാലി ടൗണിലെ ബ്രദറൻ സഭയോടു ചേർന്ന് സുവിശേഷ പ്രവർത്തനങ്ങളിലും മറ്റ് സഭാശുശ്രൂഷകളിലും ഹൈറേഞ്ചിലെ YMEF മുതലായ പ്രവർത്തനങ്ങളിലും സജീവമായി സഹകരിച്ചു വരുന്നു.

തന്റെ വേലയ്ക്കുള്ള വിളിയും ശുശ്രൂഷയിലെ ആത്മാർത്ഥതയും സഭയ്ക്ക് ബോദ്ധ്യപ്പെട്ടിരിക്കുകയാൽ സഭ തന്നെ പൂർണ്ണസമയ സുവിശേഷകനായി കമന്റ് ചെയ്തിരിക്കുന്നു.

പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി ദൈവജനത്തിന്റെ മുമ്പാകെ തന്നെ പരിചയപ്പെടുത്തുന്നു.

തന്റെ അഡ്രസ്സ്
Rejimon Mathew, Maniyaparambil House, Asif Khan Regency,River Road, Adimali P.O., Idukki District - 685 561, Phone : 9400169448


# മഹത്വത്തിൽ



**ബാംഗ്ലൂർ :** ചെങ്ങന്നൂർ പുതുക്കേരിൽ പി. കെ. കോശി (74) കമ്മനഹള്ളിയിലെ വസതിയിൽ വച്ച് കർത്തൃസന്നിധി ചേർക്കപ്പെട്ടു. കമ്മനഹള്ലി ബഥേൽ ബ്രദറൺ സഭയിലെ ശുശ്രൂഷകൾക്കു ശേഷം ഹെസൂർ റോഡ് സെമിത്തേരിയിൽ സംസ്ക്കരിച്ചു. ഭാര്യ : മൈലപ്രകരുവഞ്ചേരിൽ തങ്കമ്മ മക്കൾ : തോംസൺ, റോയ്സ്, റെജി മരുമക്കൾ : ഹിറോമി, എലിസബത്ത്



**റാന്നി :** ഐത്തല കൊച്ചേത്ത് പുതുവേലിൽ പരേതനായ കെ.എം. മാത്യുവിന്റെ ഭാര്യ മറിയാമ്മ (85) നിത്യതയിൽ പ്രവേശിച്ചു. മങ്കുഴി ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. മക്കൾ : കുഞ്ഞുമോൻ, അനിയൻ, മറിയാമ്മ, ജോസ്, ജയിംസ്, സജു. മരുമക്കൾ : സി. പി. ഏബ്രഹാം കളക്കാട്ടി, അന്നമ്മ, കുഞ്ഞൂഞ്ഞമ്മ, അമ്മുക്കുട്ടി ജെഡി, കുഞ്ഞുമോൾ.




**കല്ലിശ്ശേരി :** ചരിവുപറമ്പിൽ ഇട്ടി കുരുവിളയുടെ ഭാര്യ അന്നമ്മ (80) മഹത്വത്തിൽ ചേർക്കപ്പെട്ടു. ബ്രദറൺ സഭ സെമിത്തേരിയിൽ സംസ്ക്കരിച്ചു. ളാഹേത്ത് കുടുംബാംഗമാമ്. മക്കൾ : കുരുവിള തങ്കച്ചൻ, വത്സമ്മ ജേക്കബ്, ഏബ്രഹാം, സാലമ്മ. മരുമക്കൾ : ഓമന, സാലി, ജയ്സൺ, ലില്ലിക്കുട്ടി, ജയിംസ്

**ഓലകെട്ടിയമ്പലം :** മാവേലിക്കര ആനി ഭവനത്തിൽ വി. സി. ഡേവിഡ് നിര്യാതനായി. സംസ്കാരം നടത്തി. ഭാര്യ പരേതയായ ഏലിയാമ്മ ഡേവിഡ്, മകൾ : ആനി ജോൺ (അനു) മരുമകൻ : നൈനാൻ ജോൺ (പൊന്നച്ചൻ, പുത്തേത്ത് ഫൈനാൻസിയേഴ്സ് ), കൊച്ചുമക്കൾ : പ്രകാശ് ജോൺ, ജീന ആൻ ജോൺ (MVT Bible Treasury Series-52)

**തടിയൂർ :** പുല്ലേലിമണ്ണിൽ കെ.എസ്. ജോൺ (76) നിത്യതയിൽ പ്രവേശിച്ചു. രാജസ്ഥനിൽ സുവിശേഷകനായ കെ. എസ്. ജോയിയുടെ പിതാവാണ്. അമ്മിണി, മോളി, തങ്കമ്മ, സാലി, ജോജി എന്നിവർ മറ്റുമക്കളും. മോളി, കെ.എസ്. മർക്കോസ്, ജോൺസൺ, ബെന്നിക്കുട്ടി, തോമസ്, സിജി എന്നിവർ മരുമക്കളുമാണ്.8.8.12 ബുധനാഴ്ച ശബരിമാങ്കൽ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്ക്കരിച്ചു.



**മഴുക്കീർ :** കൊച്ചുപുത്തൻപുരയ്ക്കലായ തുണ്ടിയിൽ തങ്കച്ചന്റെ ഭാര്യ കുഞ്ഞൂഞ്ഞമ്മ (70) നിത്യതയിൽ പ്രവേശിച്ചു. മഴുക്കീർ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. തുണ്ടിയിൽ കുടുംബാംഗമാണ് പരേത. മകൻ : ഷൈനു.



**കല്ലിശ്ശേരി :** ഉമയാറ്റുകര പുതുശേരിയത്ത് പി.ഒ. തോമസിന്റെ (ജോയി) ഭാര്യ സാറാമ്മ തോമസ് കർത്തൃസന്നിധി ചേർക്കപ്പെട്ടു. ഭവനത്തിലെ ശുശ്രൂഷകൾക്കു ശേഷം ഉമയാറ്റുകര ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. പരേത കൊല്ലകടവ് പട്ടൻകടവിൽ കുടുംബാംഗമാണ്. മക്കൾ : ജെയൻ, ജോയ്സി, ഗ്രെയ്സ് എല്ലാവരും യു. കെ. ജെന്നി എൽ.ഐ.സി. ചെങ്ങന്നൂർ, സന്തോഷ് മലയാള മനോരമ ഏജന്റ്, ചെങ്ങന്നൂർ.



**മൈലപ്ര :** ഇളമ്പലാക്കൽ പരേതനായ ഇ.എം. ജോർജ്ജിന്റെ ഭാര്യ മേരിക്കുട്ടി (83) നിത്യതയിൽ പ്രവേശിച്ചു. ഹൂസ്റ്റൺ ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ ജാക്കിന്റെ സെമിത്തേരിയിൽ സംസ്കരിച്ചു. മക്കൾ : സൂസമ്മ, ജോർജ് മാത്യു, സാമുവൽ, ലിസി, ഡെയ്സി (നാലു പേരും യു.എസ്.എ.) മരുമക്കൾ : ജോൺ ഫിലിപ്പ്, ലില്ലി, ലിസി, പാസ്റ്റർ ഡി.എം. ജോൺ, വിജോയി ചാക്കോ.



**കഞ്ഞഴ :** മുണ്ടത്താനം ചൊറിക്കാവുങ്കൽ കുന്നേൽ പി.പി. ജോർജ്ജ് (92) മഹത്വത്തിൽ പ്രവേശിച്ചു. 8.8.12 ബുധനാഴ്ച മുണ്ടത്താനം ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്ക്കരിച്ചു.മക്കൾ: തങ്കമ്മ, കുഞ്ഞുമോൾ, രാജമ്മ, പരേതരായ ബാബുക്കുട്ടി, സൂസമ്മ. മരുമക്കൾ: പേരതനായ ടി. പി. ജോൺ, ലീലാമ്മ, ബേബിച്ചൻ, ബേബിക്കുട്ടി.



**മുണ്ടമല :** മുണ്ടുമണ്ണിൽ എം.പി.മാമ്മൻ (കുഞ്ഞച്ചൻ – 82) കർത്തൃസന്നിധി ചേർക്കപ്പെട്ടു. കവുങ്ങുംപ്രയാർ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. ഭാര്യ മറിയാമ്മ മൈലപ്ര പത്തിയിൽ കുടുംബാംഗമാണ്. മക്കൾ: ഗ്രേസിക്കുട്ടി, ലാലി, ജയ, മരുമക്കൾ: രാജു, ചാർലി, സജി .

# Request for the marriage of an orphan girl - Berachah Brethren Assembly

We, here introduce sister R. Mariyamma, an orphan girl. Her mother was killed by her grandparents because she gavie birth to two girls, and father was a lorry driver and died in an accident. After the death of her parents she is staying with her grandmother (mother;s mother) who is old and suffering with major disease in her womb. She is any way not able to help these girls. They have no house; temporarily they stay freely in nieghbor's house.

The girls are grown up and Mariyamma is at 19 years and ready for marriage proposals are coming. As an assembly we all are praying for her marriage. God heard our prayers and one of our nearby Evangelist namely G. Solomon whose parents are also no more alive came forward to marry. The church decided to giver her to him in marriage. God willing we want to conduct their marriage in August las week or September 1st week, The total expense will be around 2 lakhs rupees. Our assembly is not in a condition to meet the financial need so we reauest you to hel her finacially that one new family may come up for his glory. To help her you can contact our Evg. Bro. J. Devadasu.

***His address* :** Mr. J. Devadasu, Berachah Brethren Assembly, Pedda Ambadapudi P.O., Ballikurava (Mandal), Prakasam (Dist.), Andhra Pradesh India, Pin - 523 302, Ph : 8520010084. Elders : Bro. D. Srinu, Bro, K. Corneli & Bro. D. Peter

niyogam
BRETHREN VARTHA PATHRIKA
2012 ആഗസ്റ്റ് 5

## പത്തനംതിട്ട കൺവൻഷൻ, 2012

ദൈവഹിതമായാൽ ഈ വർഷത്തെ പത്തനംതിട്ട കൺവൻഷൻ താഴെ പറയുന്ന സ്ഥലത്തും സമയത്തും നടത്തുവാൻ കർത്താവിൽ ആശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.സ്ഥലം : സുവിശേഷാലയം, പത്തനംതിട്ട, സമയം : 2012 ഡിസംബർ 23 ഞായർ മുതൽ 30 ഞായർ 1 പി.എം. വരെ, പ്രസംഗകർ, ഡോ. ഒ.എം. ശമുവേൽ, ഡോ. ജോസഫ് മധുരം, സഹോദരന്മാരായ ജോൺ കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ്, പി.ജി. ജയിംസ്, റോയി മാത്യു, ജോർജ്ജ് കോശി, ബിനു സാമുവേൽ, എബി കെ. ജോർജ്ജ്. കെ. എ. ഫിലിപ്പ്, പ്രസിഡന്റ്,എം. റ്റി. ജോർജ്ജ്, സെക്രട്ടറി, ജോൺ തോമസ്, കൺവൻഷൻ ജനറൽ കൺവീനർ

## സ്പിരിച്ചൽ എഡിഫയർ സമ്മേളനം നടന്നു.

Spiritual edifier-ന്റെ ആഭിമുഖ്യത്തിൽ 29-7-12-ൽ ഒരു പ്രത്യേക സമ്മേളനം അനുഗ്രഹമായി നടന്നു. ബിസിനസ്സുകാർ, വ്യത്യസ്ഥ ഔദ്യോഗിക ജീവിതം നയിക്കുന്നവർ, വിശ്രമജീവിതം നയിക്കുന്നവർ തുടങ്ങി പ്രത്യേകം ക്ഷണിക്കപ്പെട്ട സദസ്സിൽ The great comforter and builder എന്ന Theme അവതരിപിച്ചു. ബ്രദർ ജോൺ കുര്യൻ കോട്ടയമാണ് തീം അവതരിപ്പിച്ചത്. ബ്രദ. കെ.വി. സാമുവൽ പെരുമ്പാവൂർ മീറ്റിംഗ് ഉത്ഘാടനം ചെയ്തു. വ്യത്യസ്ഥ മേഖലകളിൽ ഉള്ളവരെ പ്രതിനിധീകരിച്ച് സഹോദരന്മാരായ അലക്സ് മേൽപാടം, കുരുവിള തോമസ്, ജോർജ്ജ് വർഗീസ്, വി. സി. മാത്യു തുടങ്ങിയവർ ആശംസകൾ നേർന്നു. വളരെ അനുഗ്രഹിക്കപ്പെട്ട സന്ദേശത്തിൽ കൂടെ അനേക ഹൃദയങ്ങൾ ആശ്വാസനിർവൃതി പൂണ്ടു. പങ്കെടുത്തവരിൽ പകുതിയോളം പേർ അന്യ സമുദായത്തിൽപ്പെട്ടവരാണ്. കേട്ട വചനം ഹൃദയങ്ങളിൽ പരിവർത്തനം ചെയ്യേണ്ടതിന്ന് പ്രത്യേകം പ്രാർത്ഥിക്കണമെന്ന് സംഘാടകരായ സുവി. ജോൺസൺ തിരുവല്ലയും, സുവിശേഷകൻ ചാൾസ്സ് വർഗ്ഗീസും അഭ്യർത്ഥിക്കുന്നു. സുവി. ജോൺസൺ - 09847732882, സുവി. ചാൾസ് വർഗീസ് - 09847914043

## തിരുവല്ല മെഡിക്കൽ മിഷൻ സ്ഥാപനങ്ങളുടെ പൊതുസമിതി യോഗം

**തിരുവല്ല:** The Dewan Bahadur Dr. V. Varghese Hospital Trust Association ന്റെ വാർഷിക സമിതി യോഗം 2012 ഓഗസ്റ്റ് 15 രാവിലെ 10:00 ന് തിരുവല്ല മെഡിക്കൽ മിഷൻ കോൺഫ്രൻസ് ഹാളിൽ വെച്ച് ചെയർമാൻ കേണൽ റിട്ട. അലക്സ് വർഗ്ഗീസന്റെ അദ്ധ്യക്ഷതയിൽ കൂടുകയും ഓഡിറ്റ് ചെയ്ത വരവു ചെലവു കണക്കുകൾ വിശദമായി ചർച്ചചെയ്ത് അംഗീകരിക്കുകയും 2011-12 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

**പുതിയ ഭാരവാഹികൾ:**

Chairman - Col. (Rtd.) Alex Varghese, Vice Chairman - Peter Joseph, Secretary - Thomas John, Jt. Secretary - Benny Philip, Trasurer - Wilson Thomas, ഭരണസമിതിയിലേക്ക് പുതുതായി നാമനിർദ്ദേശം ചെയ്തവർ. ഏബ്രഹാം വി. വർക്കി, ഡോ. ബോബി ജോൺ, ഡോ. ജോൺ മാത്യു.

രാവിലെ 8:30 ന് പതാക ഉയർത്തിയതിനുശേഷം നവീകരിച്ച ക്യാഷ്വാലിറ്റി ബ്ലോക്കിന്റെ (ചർച്ച് വാർഡ് ബ്ലോക്ക്) ഔപചാരിക ഉദ്ഘാടനം അഡ്വ. മാത്യു ടി. തോമസ് എം.എൽ.എ. നിർവ്വഹിക്കുകയുണ്ടായി. ടി.എം.എം. ൽ 30 വർഷം സേവനം പൂർത്തിയാക്കിയ 5 പേരേയും 25 വർഷം സേവനം പൂർത്തിയാക്കിയ 37 പേരേയും ക്യാഷ് അവാർഡ് നൽകി ആദരിച്ചു. ടി.എം.എം. ലെ ജീവനക്കാരുടെ മക്കളിൽ 12, 10 ക്ലാസ്സുകളിൽ ഉയർന്ന മാർക്ക് നേടിയവരെയും ക്യാഷ് അവാർഡ് നൽകി ആദരിച്ചു. ടി.എം.എം. കോളജ് ഓഫ് നേഴ്സിംഗിന്റെ മാഗസിൻ കേണൽ അലക്സ് വർഗ്ഗീസ്, 38 വർഷം ടി.എം.എം. ൽ സേവനം അനുഷ്ഠിച്ചതും നേഴ്സിംഗ് സ്കൂളിന്റെ പ്രഥമ ഇന്ത്യൻ പ്രിൻസിപ്പാളുമായ സിസ്റ്റർ കുഞ്ഞമ്മ ഇട്ടിക്ക് നൽകി പ്രകാശനം നിർവ്വഹിക്കുകയും ചെയ്തു.

തുടർന്നും ഈ സ്ഥാപനങ്ങളെ ഇതിന്റെ പ്രവർത്തനങ്ങളെയും ഓർത്ത് ദൈവജനങ്ങളുടെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

തോമസ് ജോൺ

**സെക്രട്ടറി**

## പ്രാർത്ഥനയ്ക്ക്

ഒറീസ്സയുടെ ഓരോ ഗ്രാമങ്ങളിലും സുവിശേഷത്തിന്റെ മാറ്റൊലി എത്തപ്പെടുവാൻ, തദ്ദേശീയരായ യുവാക്കളിലൂടെ അത് സാദ്ധ്യമാകുവാൻ - തെരഞ്ഞെടുക്കപ്പെട്ട യുവാക്കന്മാർക്കായി 6 മാസക്കാല ബൈബിൾ ട്രെയിനിംഗ്, ജൂൺ 25-ന് ആരംഭിച്ചിരിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. സഹോദരന്മാർ: കിഷോർചന്ദ്ര ബാഗ് കെ. സി. തോമസ്

## സ്തോത്രത്തിന്

ജൂൺ 21 മുതൽ 24 വരെ നടന്ന ബിലീവേഴ്സ് റിവൈവൽ മീറ്റിംഗ് അനുഗ്രഹകരമായിരുന്നു. ബ്രദ. എം. എ. പൗലോസ് അങ്കമാലി, ബ്രദ. എ. ജി. ജേക്കബ് വിശാഖപട്ടണം ദൈവവചനം ശുശ്രൂഷിച്ചു. കന്തമാൽ, കേന്ദ്രപ്പാറ, മൽക്കാൻഗിരി, ലംതാപുട്ട് ജില്ലകളിൽ നിന്നുമുള്ള വിശ്വാസികളും ബ്രദ. സണ്ണി റ്റി. ഡാനിയേൽ, ബ്രദ. കെ. എം.പോൾ മുതലായി ദൈവദാസന്മാരുടെ സാന്നിദ്ധ്യവും അനുഗ്രഹകരമായിരുന്നു. ഇതിലേക്ക് സഹായഹസ്തം നീട്ടിയ പ്രാർത്ഥനയിൽ വഹിച്ച എല്ലാവർക്കും നന്ദി.

## ത്രിദിന സുവിശേഷക്യാമ്പ് - പെരുവ

ജൂലൈ പെരുവ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ 23-25 തീയതികളിൽ പെരുവയ്ക്കും ചുറ്റുപാടുകളിലുമായി മൂന്നുദിവസത്തെ സുവിശേഷക്യാമ്പ് നടന്നു. ഭവനസന്ദർശനം, പരസ്യയോഗങ്ങൾ, ബൈബിൾ ക്ലാസ്സുകൾ എന്നിവ അനുഗ്രഹീതമായിരുന്നു. ചിലർ രക്ഷിക്കപ്പെടുവാനും പുതിയ ചില അന്വേഷകരെ കണ്ടെത്തുവാനും സാധിച്ചു. സമീപ സഭകളിലെസുവിശേഷകന്മാരും ചില സഭാവിശ്വാസികളും പങ്കെടുത്തു. വിതയ്ക്കപ്പെട്ട വചനം ഫലമണിയുവാൻ ദൈവമക്കൾ പ്രാർത്ഥിക്കേണമെ.

സഭയ്ക്കു വേണ്ടി സുവി. പി. സി. വർഗ്ഗീസ്

## വൈ.എം.ഇ.എഫ് മലബാർ ഡിവിഷൻ സുവിശേഷക്യാമ്പ് 2012

**മലപ്പുറം :** പാലേമാട് ബ്രദറൺ സഭാഹാളിൽ വച്ച് 2012 ഡിസംബർ 3,4,5 തീയതികളിൽ സുവിശേഷക്യാമ്പ് നടത്തപ്പെടുന്നു. സഹോദരന്മാരായ പി.എസ്സ്. തമ്പാൻ, സമുവേൽ പി. ഏബ്രഹാം, കോട്ടേക്കുളം എന്നിവർ മുഖ്യാഥിതികളായിരിക്കും. പ്രാർത്ഥിക്കുക, പങ്കെടുക്കുക, സെക്രട്ടറി, ഫോൺ : 9447322627

## 18th All India Worker's Conference, Chennai 2012

Dates : 16the to 19th October 2012 (Tuedsday to Friday), Venue : TWR Camp Centre, ECR, Near Chennai (90 Kms), Medium O English. Speakers: Bro. Howard Peeb;es, UK Bro. Paul Young, UK, Bro. Allan Wilks, USA, Bro. William Yules, Canada, Bro, Phil Barnes, Canada Bro. John Kurienm India & Others Delegates : 550 Evangelists from across India, Organised by : Gospel Fellowship Trust of India,, Chennai

## Brethren Church at Kathua, Jammu & Kashmir

Bro. Linto Thomas is commented by Christian Brethren Church Kanakamala, Thessery, Trichur, Kerala for the Lords work in J&K, in the year 2007. Since then he had been working with burden and enthusiasm. God gave him some contacts and few of them accepted the Lord.

Considering the big geographical area of J &K, Brethren assembly testimony is nominal in this state. Presently he is staying in a rented house. There is no freedom to conduct meetings due to various social/religious problems of J&K. We brethren of Pathankot assembly is fully convinced about the need of an assembly hall in Kathua, for the furtherance of assembly testimony in J&K.

A piece of land is available in a convenient place, near Kathua Industrial Estate. Brethren from Pathankot assembly and Evg Philip Mathew from Jammu visited the proposed site. The owner of the land agreed to sell it for the purpose of church, if the deed is completed on or before 30 Aug 2012.

The site consisting of 10 Marlas, is costing 4 lakhs. Another 8 lakhs is needed for the construction of a small hall. Bro Linto Thomas is having Rs. 2 lakhs in hand. We bring this matter before the believers in general for the prayerful support. We hope that the Lord will provide all the needs.

Contributions can be sent in the name of "LINTO THOMAS, SBI ACCOUNT NO. 30147428378, BANK NAME INDUSTRIAL ESTATE KATHUA, IFS CODE SBI 100002386

For the Assembly

Evg. K. K. Oommen (Elder) K.V. Scariah (Elder) Evg. Sam P. Jacob (Elder)

Mailing Address : Linto Thomas, C/o St. Jude Convent School, Rishi Nagar Industrial Estate, Kathua, 184102, J&K, Mob: 09797361730

Evg. K. K. Oommen (Ph) 1862221052, Evg. Philip Mathew (Mob) 09906838493

**മലമ്പുഴ:** ദൈവകൃപയാൽ കർത്തൃവേലകൾ സന്തോഷകരമായി തുടരുന്നു. ഏപ്രിൽ-മെയ് മാസങ്ങളിൽ 7 സ്ഥലങ്ങളിലായി 265 കുട്ടികളെ വി.ബി.എസ്-ലൂടെ ദൈവവചനം അറിയിക്കുന്നതിന് ദൈവം സഹായിച്ചു. പുതിയ സ്ഥലം സഭ ലക്ഷ്യമാക്കിയുള്ള നെല്ലിയാമ്പതി പഞ്ചായത്തിലെ പ്രവർത്തനങ്ങളും തുടർന്നു വരുന്നു. ഇപ്പോൾ താമസസൗകര്യം നിലവിലില്ല.

ജൂലൈ 13, 14, 15 ദിവസങ്ങളിൽ ഇവിടത്തെ സഭയിൽ നടന്ന വിശേഷാൽ യോഗങ്ങളിൽ കർത്തൃദാസൻ കെ. വി. ഐസക് (പീച്ചി) ശുശ്രൂഷകൾ നിർവ്വഹിച്ചു. ബൈബിൾ ക്ലാസ്സുകളും സ്നാനശുശ്രൂഷയും, സണ്ടേസ്കൂൾ വാർഷികവും അനുഗ്രഹകരമായി നടത്തപ്പെട്ടു. തുടർന്നും മലമ്പുഴ സഭയേയും പ്രവർത്തനങ്ങളേയും ഓർത്ത് ദൈവജനം പ്രാർത്ഥിക്കേണമെ.

സഹോദരന്മാർ : ജോസഫ് കോട്ടപ്പുറം, സി. ജെ. പോൾ, കെ. ജോൺ വർഗീസ്

**വേർപാട്:** 19-ാം നൂറ്റാണ്ടിൽ കേരളത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ട ആത്മീക നവീകരണ പ്രസ്ഥാനമായിരുന്നു വേർപാട് സഭ. വേർപാട് എന്ന പേരുവരുവാൻ കാരണം അനാചാരങ്ങളിൽ നിന്നും അനാവശ്യ ആർഭാടങ്ങളിൽ നിന്നും വേർപെട്ട് ലളിത ജീവിതം നയിച്ച് വേദോപദേശത്തെ മുറുകെ പിടിച്ചിരുന്ന പ്രസ്ഥാനം. ഇന്ന് നാം കാട്ടിക്കൂട്ടുന്ന ആർഭാടങ്ങൾ കണ്ട് നമുക്ക് ലഭിച്ച പേരിന്റെ അർത്ഥം അപ്രസക്തമാണല്ലോ എന്ന് ഓർത്ത് ദു:ഖിക്കാം.

Printed, Published and owned by M.V.Babu, Mulampallil, Kallissery P.O.-689124. Printed at Puthethu Offset Kallissery, Published at Kallissery, Design: rajeshprasadam@gmail.com